# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

2002 ജൂൺ 24–ാം തീയതി തിങ്കളാഴ്ച

(ആകെ ചോദ്യങ്ങൾ – 30)

144) പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം സംബന്ധിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്
145) സർക്കാർ ആശുപത്രികളുടെ പ്രവർത്തനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ നടപടി
146) എലിപ്പനി ചികിൽസയ്ക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് നടപടി
147) അർബുദരോഗപ്രതിരോഗമാർഗ്ഗങ്ങൾ
148) സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം
149) ആതുരാലയങ്ങളുടെ നവീകരണത്തിന് പുതിയ പദ്ധതികൾ
150) കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾ തുടങ്ങുവാൻ നടപടി
151) പ്രാദേശിക വികസന പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കികൊണ്ട് വികേന്ദ്രീകൃത പദ്ധതി
152) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
153) സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം
154) മനുഷ്യാവയവ കൈമാറ്റം നിയന്ത്രണ വ്യവസ്ഥ
155) മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി
156) കുടുംബശ്രീ പദ്ധതി
157) ഓംബുഡ്സ്മാന്റെ പ്രവർത്തനം
158) ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുവാൻ നടപടി
159) സർക്കാർ ആശുപത്രികളിലെ പണിമുടക്കുകളും സമര പരിപാടികളും നിരുത്സാഹപ്പെടുത്തുന്നതിന് നടപടി
160) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 'ടോറൻസ് സംവിധാനം' ഏർപ്പെടുത്താൻ നടപടി
161) പാരമ്പര്യ വൈദ്യൻമാർക്ക് ഗവണ്മെന്റ് അംഗീകാരവും രജിസ്ട്രേഷനും നൽകുന്നതിന് നടപടി
162) കുരിയാർകുറ്റി–കാരപ്പാറ ജലപദ്ധതി നിർമ്മാണത്തിൽ നടന്ന ക്രമക്കേടുകൾ
163) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ നടപടി
164) സ്വകാര്യ നേഴ്സിംഗ് സ്കൂൾ ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ
165) സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി
166) ആശുപത്രികളിലെ ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ
167) റിഫോംസ് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ
168) അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ
169) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2002–2003–ലെ വാർഷിക പദ്ധതി രൂപീകരണം
170) നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ തിരിച്ചുവരാനുള്ള കാരണം സംബന്ധിച്ച പഠനം
171) അത്യാഹിത വിഭാഗങ്ങളിൽ ഉയർന്ന പദവിയിലുള്ള ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കാൻ നടപടി
172) ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന് സംവരണം
173) എലിപ്പനിക്കുള്ള പ്രതിരോധ നടപടികൾ

**പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം സംബന്ധിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്**

144. ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം സംബന്ധിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) 9–11–2001 ൽ ആണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത്. റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം ശുപാർശകളെ സംബന്ധിച്ച് സഭയിൽ ചർച്ചയ്ക്കായി സമർപ്പിക്കുവാൻ 3–4–2002–ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. റിപ്പോർട്ട് 12–6–2002–ൽ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) നിയമസഭയുടെ ചർച്ചയുടേയും രാഷ്ട്രീയപാർട്ടികളുമായുള്ള ചർച്ചയുടേയും വെളിച്ചത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

**സർക്കാർ ആശുപത്രികളുടെ പ്രവർത്തനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ നടപടി**

145. ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രിയിലെത്തുന്ന ഒരു രോഗിക്ക് സംസ്ഥാന ഖജനാവിൽ നിന്നും ശരാശരി എത്ര രൂപ ചെലവിടുന്നുണ്ട് എന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇതിൽ ഒരു രോഗിക്ക് ശരാശരി എത്ര രൂപയുടെ ആനുകൂല്യം ലഭിക്കുന്നു എന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളുടെ പ്രവർത്തശേഷിയുടെ 50% പോലും ഉപയോഗിക്കുന്നില്ലെന്ന് ചില പഠന റിപ്പോർട്ടുകൾ വെളിപ്പെടുത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം;

(സി) സർക്കാരിന്റെ ആരോഗ്യ – കുടുംബക്ഷേമവകുപ്പും ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസും സംയുക്തമായി നടത്തിയ ''സർക്കാർ ആശുപത്രികളിലെ വിനിയോഗിക്കപ്പെടാതെയുള്ള വിഭവങ്ങൾ'' എന്ന പഠന റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഒരുരോഗിക്ക് ആരോഗ്യവകുപ്പിൽ ആഹാരത്തിനും മരുന്നിനും കൂടെ ശരാശരി 11 രൂ 56 പൈസ ചിലവിടുന്നുണ്ട്.

(2) ഹോമിയോപതി വകുപ്പിൽ 33 രൂപ 75 പൈസ ചിലവിടുന്നു.

(3) ആയുർവേദവകുപ്പിൽ 15 രൂപ 65 പൈസ ചിലവിടുന്നുണ്ട്.

(4) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ എത്ര രൂപ ചെലവാകുന്നുണ്ട് എന്ന വിവരം ശേഖരിച്ചു വരുന്നു

(ബി) പഠന റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) ''അലയൻസ് ഫോർ ഹെൽത്ത് പോളിസി ആന്റ് സിസ്റ്റം റിസർച്ച്'' എന്ന ലോകാരോഗ്യസംഘടനയുടെ റിസർച്ച് വിങ്ങിന്റെ സഹായത്തോടെ അച്ചുതമേനോൻ സ്റ്റഡി സെന്ററിലെ ഒരു ഉദ്യോഗസ്ഥൻ പഠനം നടത്തിയതായി അറിയുന്നു. പ്രാരംഭ പഠനം മാത്രമാണിത്. അതു കൊണ്ട് തന്നെ കുടുതൽ ചർച്ചയ്ക്ക് പ്രസക്തികാണുന്നില്ല.

## എലിപ്പനി ചികിൽസയ്ക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് നടപടി

146. ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. കെ. മണി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എലിപ്പനി ബാധയുണ്ടായി എന്നു വ്യക്തമാക്കാമോ;

(ബി) എലിപ്പനിയുടെ ചികിൽസയ്ക്ക് ആവശ്യമായ മരുന്നുകൾ ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവിടങ്ങളിൽ സ്റ്റോക്കു ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മരുന്ന് സൗജന്യമായാണോ രോഗബാധിതർക്ക് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) എലിപ്പനി രോഗത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഈ രോഗനിവാരണത്തിനുള്ള മരുന്ന് സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്തെ എല്ലാജില്ലകളിൽ നിന്നും എലിപ്പനി രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എറണാകുളം, കോട്ടയം, ആലപ്പുഴ, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ ഈ രോഗ ബാധ കൂടുതലായി കാണുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) എലിപ്പനിയുടെ പ്രാരംഭഘട്ടത്തിൽ ചികിൽസയ്ക്ക് പെനിസിലിൻ, ഡോക്സി സൈക്ളിൻ, ടെട്രാസൈക്ളിൻ എന്നീ മരുന്നുകളാണ് ആവശ്യമുള്ളത്. ഇവ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. രോഗം ഗുരുതരമായാൽ ഇതിനുള്ള പ്രത്യേക ചികൽസകൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമാണ്.

(സി) ഈ മരുന്നുകൾ സൗജന്യമായാണ് നൽകുന്നത്

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## അർബുദരോഗപ്രതിരോഗമാർഗ്ഗങ്ങൾ

147. ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ലക്ഷം പേരിൽ എത്ര അർബുദ രോഗികൾ ഉണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) അർബുദരോഗം വർദ്ധിച്ചുവരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത അർബുദരോഗം പിടിപെടാനുള്ള സാഹചര്യങ്ങൾ, പ്രസ്തുത രോഗപ്രതിരോധത്തിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്നിവയെപ്പറ്റി എന്തെങ്കിലും ഗവേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഒരു ലക്ഷം പേരിൽ 100 അർബുദ രോഗികൾ ഉണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) അർബുദരോഗ നിരക്ക് വർദ്ധിച്ചുവരുന്നതായി തെളിവില്ല.

(സി) ഗവേഷണം നടത്തുന്നുണ്ട്. സംസ്ഥാനത്തെ അർബുദരോഗം പിടിപെടാനുള്ള സാഹചര്യങ്ങളായി ചൂണ്ടികാണിക്കപ്പെട്ടിട്ടുള്ളത് വർദ്ധിച്ചു വരുന്ന, പുകവലി, മദ്യപാനം

പുകയിലകൂട്ടിയുള്ള വെറ്റില മുറുക്ക്, പാൻമസാലയുടെ ഉപയോഗം, അനാരോഗ്യപരമായ ഭക്ഷണക്രമം, ജനിതകകാരണങ്ങൾ, ചിലതരം വൈറസുകൾ തുടങ്ങിയവയാണ്. ഈ വിഷയങ്ങളിൽ ആർ.സി.സി. ഗവേഷണം നടത്തിവരുകയാണ്.

## സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം

148. ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ മതിയായ യോഗ്യത ഇല്ലാത്ത നഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സ്വകാര്യ ആശുപത്രികൾ തുടങ്ങുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ;

(ഡി) സ്വകാര്യ ആശുപത്രികളുടെമേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ഇ) ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നവിധത്തിൽ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) പത്രമാദ്ധ്യമങ്ങളിൽകൂടെയുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് തടയുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു.

(സി) & (ഡി) തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രഷൻ എടുക്കണമെന്ന് നിബന്ധനയുണ്ട്. എന്നാൽ ആരോഗ്യ വകുപ്പ് നിയന്ത്രണങ്ങളൊന്നും വച്ചിട്ടില്ല.

(ഇ) പരിശോധിച്ചുവരുന്നു.

## ആതുരാലയങ്ങളുടെ നവീകരണത്തിന് പുതിയ പദ്ധതികൾ

149. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. കെ നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആതുരാലയങ്ങളുടെ നവീകരണത്തിന് സർക്കാർ ആവിഷ്ക്കരിച്ചു വരുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നവീകരണ പദ്ധതിയിൽ പിന്നോക്ക ജില്ലകൾക്ക് കൂടുതൽ പരിഗണന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഡയബറ്റീസ് ഇൻസ്റ്റിട്യൂട്ട്
2. ആരോഗ്യ ഇൻഷുറൻസ് പദ്ധതി
3. ഹാർട്ട് ഫൗണ്ടേഷൻ
4. പാരാമെഡിക്കൽ കൗൺസിൽ
5. ഹെൽത്ത് സിസ്റ്റം പ്രോജക്ട്
6. ന്യൂറോളജി ഐ.സി. യൂണിറ്റ്
7. ട്രോമാ കെയർ യൂണിറ്റ്
8. സാംക്രമിക രോഗങ്ങൾ നിർമ്മാർജ്ജനം ചെയുന്ന പദ്ധതി
9. കൊല്ലത്തും എറണാകുളത്തും പാലക്കാടും റീജിയണൽ ഡയഗ്നോസ്റ്റിക്ക് സെന്ററുകൾ
10. മെഡിക്കൽ കോളേജുകളുടെ നവീകരണ പദ്ധതി (ലോക ബാങ്ക് സഹായത്തോടെ)
11. പേ ക്ലിനിക്കുകൾ

(ബി) സ്വീകരിക്കുന്നതാണ്.

## <u>കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾ തുടങ്ങുവാൻ നടപടി</u>

150. ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾ തുടങ്ങുവാൻ നടപടിയെടുക്കുമോ;

(ബി) സൗദി എയർലൈൻസ്, യു.എ.ഇ. എയർലൈൻസ് എന്നീ സർവ്വീസുകൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രധാനപ്പെട്ട എല്ലാ വിദേശ രാജ്യങ്ങളിലേക്കും കൊച്ചിയിൽ നിന്ന് സർവ്വീസ് തുടങ്ങുവാൻ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും അനുമതി വാങ്ങാൻ ശ്രമം നടത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) കേന്ദ്ര വ്യോമയാന മന്ത്രാലത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്

(ബി) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ അന്താരാഷ്ട്ര സർവ്വീസുകൾ ആരംഭിക്കാൻ കഴിയു. വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

(സി) ഉണ്ട്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ അനുമതി ലഭ്യമാകുന്നതിനായി പ്രധാനമന്ത്രിക്കും വ്യോമയാന മന്ത്രിക്കും മുഖ്യമന്ത്രി നേരിട്ട് കത്തെഴുതിയിട്ടുണ്ട്. ഇക്കാര്യം മുഖ്യമന്ത്രി 2001 ഡിസംബറിൽ നടത്തിയ ഡൽഹി സന്ദർശനത്തിൽ നേരിട്ടും അഭ്യർത്ഥിച്ചിട്ടുണ്ട്. എയർ ഇൻഡ്യ, ഇൻഡ്യൻ എയർലൈൻസ് എന്നിവയെ കൂടാതെ ഒമാൻ എയർലൈൻസ്, സിൽക്ക് എയർ, കുവൈറ്റ് എയർവെയ്സ് എന്നീ കമ്പനികൾ ഇതിനകം സർവ്വീസ് തുടങ്ങിയിട്ടുണ്ട്. എമിറേറ്റ്സ്, ഖത്തർ എയർവെയ്സ് എന്നീ കംപനികൾ ഈ വർഷാവസാനത്തോടെ സർവ്വീസ് തുടങ്ങുമെന്നും പ്രതീക്ഷിക്കുകയാണ്.

## <u>പ്രാദേശിക വികസന പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കികൊണ്ട് വികേന്ദ്രീകൃത പദ്ധതി</u>

151. ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വികേന്ദ്രീകൃത പദ്ധതി ആസൂത്രണത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്തെല്ലാം;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്ന കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാം സർക്കാരിതരസ്ഥാപനങ്ങളിൽ നിന്നുമാണ് സാമ്പത്തിക സഹായം നേടേണ്ടതെന്നാണ് മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നത്?

**<u>ഉത്തരം</u>**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ വികസനപ്രവർത്തനങ്ങൾക്ക് വിഭവ സമാഹരണത്തിന് സ്വകാര്യ പങ്കാളിത്തം ആകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) 6–6–2002–ലെ ജി.ഒ.(എം.എസ്.) നം 20/2002/പ്ലാനിംഗ് നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയുടെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു. സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച വ്യവസ്ഥ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 4(2)(സി)–യിൽകാണാം.

(സി) ഉണ്ട്. പ്രധാനപ്പെട്ട മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1) പത്താം പഞ്ചവത്സര പദ്ധതി അടങ്കൽ തുകയുടെ മൂന്നിലൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുവാൻ നൽകുന്നതാണ്.
2) പഞ്ചവത്സര പദ്ധതി തയ്യാറാക്കണം
3) പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും സൂക്ഷമസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വകാര്യ നിക്ഷേപം വിനിയോഗിക്കാവുന്നതാണ്.
4) എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും കഴിയുന്നിടത്തോളം കുടുംബ ശ്രീ മാതൃകയിലായിരിക്കണം
5) കാർഷിക മേഖലയിലെയും അനുബന്ധ മേഖലകളിലെയും പ്രവർത്തനങ്ങളും ജലവിനിയോഗ പരിപാടികളും നീർത്തടാടിസ്ഥാനത്തിൽ സംയോജിത രീതിയിലായിരിക്കണം
6) ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ചുരുങ്ങിയത് 30 ശതമാന തുകയും ജില്ലാ പഞ്ചായത്തുകൾ 25 ശതമാനവും ഉൽപാദന മേഖലയ്ക്ക് വകയിരുത്തേണ്ടതാണ്.
7) പദ്ധതി വിഹിതത്തിൽ പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രത്യേകം വകയിരുത്തിയിട്ടുള്ളതിനാൽ ആ വിഹിതത്തിനുള്ള പ്രോജക്ടുകൾ പ്രത്യേകം വേർതിരിച്ചു കാണിക്കണം.
8) പദ്ധതി വിഹിതത്തിന്റെ ആകെ തുകയുടെ 5 ശതമാനം ശിശുക്കൾ, വികലാംഗർ, വൃദ്ധജനങ്ങൾ എന്നിവരുടെ വികസന പ്രോജക്ടുകൾക്ക് വകയിരുത്തണം.
9) ഒൻപതാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തണം
10) ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ആർജ്ജിച്ചിട്ടുള്ള ആസ്തികൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കണം.
11) ഒൻപതാം പദ്ധതിയുടെ ആരംഭത്തിൽ തയ്യാറാക്കിയ വികസന റിപ്പോർട്ടുകൾ നവീകരിക്കണം
12) ബാങ്കുമായി തുടർബന്ധം സ്ഥാപിച്ച് പൊട്ടൻഷ്യൽ ലിങ്ക്ഡ് ക്രെഡിറ്റ് പ്ലാൻ പ്രാവർത്തികമാക്കുന്നതിന് വികസന പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.
13) ജില്ല ആസൂത്രണ സമിതികൾ 2002–ൽ തയ്യാറാക്കിയ ജില്ലാ പദ്ധതി നവീകരിക്കണം
14) അഗതികളുടെ വികസന പ്രോജക്ടുകൾ ഉൾപ്പെടെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കണം
15) ജലസേചന പ്രോജക്ടുകളുടെ മൂലധന നിക്ഷേപത്തിന്റെ 20 ശതമാനമെങ്കിലും ഗുണഭോക്തൃ വിഹിതം ആയിരിക്കണം. ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളും കാർഷിക ഗ്രൂപ്പുകളുടെ ചുമതലയിലായിരിക്കണം.
16) കുടിവെള്ള പ്രോജക്ടുകളുടെ മൂലധന നിക്ഷേപത്തിന്റെ 10 ശതമാനമെങ്കിലും ഗുണഭോക്തൃ സമിതിയുടെ പങ്കാളിത്തമായിരിക്കണം
17) ജലസേചന പ്രോജക്ടുകൾക്കും കുടിവെള്ള പ്രോജക്ടുകൾക്കും കമ്മ്യൂണിറ്റി മാനേജ്മെന്റ് സംവിധാനം ഉറപ്പാക്കണം
18) കർഷക സമിതികൾക്കും പാടശേഖര സമിതികൾക്കും സബ്സിഡി നൽകുന്നതിന് പകരം റിവോൾവിംഗ് ഫണ്ട് സംവിധാനം നിർദ്ദേശിക്കാവുന്നതാണ്.
19) പദ്ധതി രേഖയിൽ പരിഷ്കരണ പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണ്.
20) അംഗൻവാടി, സ്കൂൾ എന്നിവയുടെ കെട്ടിടങ്ങൾ അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾക്ക് ഏറ്റെടുക്കാൻ കഴിയുവുന്നവ ഒഴികെയുള്ളവയും മറ്റു കെട്ടിടങ്ങളുടെയും നിർമ്മാണവും ടാറിംഗ് ഉൾപ്പെടുന്ന എല്ലാ റോഡുപണികളും 25000 രൂപയിൽ അധികം അടങ്കൽ ഉള്ള എല്ലാ നിർമ്മാണപ്രവർത്തനങ്ങളും ടെൻഡർ ചെയ്യേണ്ടതാണ്.

(ഡി) വാണിജ്യ ബാങ്കുകൾ, സ്വകാര്യ നിക്ഷേപകർ, ഗുണഭോക്തൃ സമിതികൾ, സമൂഹത്തിലെ പരോപകാരതൽപരർ, വിദേശ ഇൻഡ്യക്കാർ, കോർപ്പറേറ്റ് സെക്ടർ, സന്നദ്ധ സംഘടനകൾ എന്നീ മാർഗ്ഗങ്ങളിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

152. ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്കുവേണ്ടി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കത്തക്കവിധത്തിൽ പദ്ധതിക്ക് രൂപം നൽകുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്കുവേണ്ടി ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമേ ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുള്ളു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏകദേശം 20.42 ലക്ഷം കുടുംബങ്ങളെ ഇൻഷ്യർ ചെയ്യാമെന്ന് ഉദ്ദേശിക്കുന്നു. ഒരു കുടുംബത്തിന് ഒരു വർഷം 20000 രൂപ വരെ ചികിൽസയ്ക്കുള്ള പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയില്ല.

## സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം

153. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ടി. പി.എം. സാഹിർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളുടെ മറ്റ് ഓഫീസുകളിലും ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത് എന്തെങ്കിലും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരമൊരു പഠനം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) അല്ല.

(ബി) പരിഗണനയിൽ ഉണ്ട്.

## മനുഷ്യാവയവ കൈമാറ്റം നിയന്ത്രണ വ്യവസ്ഥ

154. ശ്രീ. രാജു എബ്രഹാം:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. പി.സി. ജോർജ്::
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് വൃക്ക കച്ചവടം നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇടുക്കി ജില്ലയിലെ പൂമാല ട്രൈബൽ സെന്റിൽമെന്റിൽ പട്ടിണിമൂലം അഞ്ച് ആദിവാസികളടക്കം ഒൻപത് പേർ വൃക്കറാക്കറ്റിന്റെ പിടിയിൽപ്പെട്ട് വൃക്കവിറ്റതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആദിവാസികളുടേയും മറ്റും വൃക്കകൾ അമിതമായ വിലയ്ക്ക് രോഗികൾക്ക് വിൽക്കുന്ന സ്വകാര്യ ആശുപത്രികളെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ഇ) സംസ്ഥാനത്ത് മനുഷ്യാവയവ വ്യാപാരം നടക്കുന്നത് തടയാൻ നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ സംവിധാനം ഉണ്ടാക്കുമോ;

(എഫ്) മനുഷ്യാവയവ വ്യാപാരത്തെ സംബന്ധിച്ച നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ചില പരാതികളും പത്ര റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിലെ വിജിലൻസ് അഡിഷണൽ ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. അജി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്, നാഷണൽ ആശുപത്രി, കോഴിക്കോട്, മാതാ അമൃതാനന്ദമയി ആശുപത്രി, കൊച്ചി എന്നിവിടങ്ങളിലാണ് അന്വേഷണം നടത്തിയിട്ടുള്ളത്.

(സി) ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൃക്ക വിറ്റതായുള്ള പരാതി ലഭിച്ചിട്ടില്ല.

(ഡി) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

(ഇ) സംവിധാനം നിലവിലുണ്ട്.

(എഫ്) മനുഷ്യാവയവ വ്യാപാരം നിയമ വിധേയമല്ല.

## <u>മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

155. ശ്രീ. എ.എ. അസീസ്:

കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം സുഗമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) അത്യാഹിത വിഭാഗത്തിൽ അപകടത്തിൽപ്പെട്ടുവരുന്ന രോഗികൾ എല്ലുസംബന്ധമായ ചികിൽസയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാടകയ്ക്ക് എടുത്തുകൊടുക്കേണ്ട അവസ്ഥ ഒഴിവാക്കാൻ ചികിൽയ്ക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് ആവശ്യമായ ജീവൻരക്ഷാ ഔഷധങ്ങൾ ലഭ്യമാക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്നും ഏതെല്ലാം ഔഷധങ്ങൾ ലഭ്യമാക്കി എന്നും വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പു മന്ത്രി):-**

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജാശുപത്രിയിലും സ്പെഷ്യാലിററി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം സുഗമമായി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലെ അത്യാഹിത വിഭാഗം കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുക്കിപ്പണിഞ്ഞ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) അത്യാഹിത വിഭാഗത്തിൽ അപകടത്തിൽപ്പെട്ടുവരുന്ന രോഗികൾക്ക് എല്ലുസംബന്ധമായ ചികിൽസയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാണ്. എന്നാൽ ചില സന്ദർഭങ്ങളിൽ ചില ഉപകരണങ്ങൾ വാടകയ്ക്ക് എടുക്കേണ്ടിവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ആവശ്യമായ ഉപകരണങ്ങൾ സ്വന്തമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജീവൻരക്ഷാ ഔഷധങ്ങൾ ലഭ്യമാണ്.

## കുടുംബശ്രീ പദ്ധതി

156. ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ പദ്ധതി നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്;

(ബി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്തെ 991 ഗ്രാമ പഞ്ചായത്തുകളിലും കുടുംബശ്രീ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) വർഷക്കാലം കൊണ്ട് സംസ്ഥാനത്തെ കേവല ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തനം നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ പ്രവർത്തനം നടപ്പിലാക്കുന്നത് ദാരിദ്ര കുടുംബ സംവിധാനങ്ങളുടെ സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം രൂപീകരിച്ചുകൊണ്ടാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളും ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ദരിദ്ര കുടുംബങ്ങളും ഉൾപ്പെടുന്ന 15 മുതൽ 40 വരെയുള്ള കുടുംബങ്ങൾ ചേരുന്ന അയൽക്കൂട്ടങ്ങൾ, ഓരോ വാർഡിലേയും മുഴുവൻ അയൽക്കൂട്ടങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏരിയ ഡവലപ്മെന്റ് സൊസൈറ്റികൾ, പഞ്ചായത്തിലെ എല്ലാ ഏരിയ ഡവലപ്മെന്റ് സൊസൈറ്റികളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികൾ എന്നീ ത്രിതല സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം വഴിയാണ് കേവല ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പിലാക്കി വരുന്നത്. മിതവ്യയ സമ്പാദ്യ-വായ്പ പരിപാടിയിലൂടെയുള്ള അനൗപചാരിക ബാങ്കിംഗ്, സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മൈക്രോ സംരംഭങ്ങൾ എന്നിവ കുടുംബശ്രീ പ്രവർത്ത മേഖലകളാണ്.

## ഓംബുഡ്സ്മാന്റെ പ്രവർത്തനം

157. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:

ഡോക്ടർ തോമസ് ഐസക്:

ശ്രീ. ടി.പി. രാമകൃഷ്ണൻ:

ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഓംബുഡ്സ്മാന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഓംബുഡ്സ്മാന്റെ അംഗസംഖ്യ കുറച്ചത് മൂലം പ്രവർത്തനത്തിൽ തടസ്സം നേരിടുന്നുണ്ടോ;

(സി) രണ്ടലക്ഷം ജീവനക്കാരെയും പതിനായിരത്തിലധികം ജനപ്രതിനിധികൾക്കും 2000 കോടി രൂപയുടെ പദ്ധതിക്കും മേൽനോട്ടം വഹിക്കാൻ ഏകാംഗ ഓംബുഡ്സ്മാന് കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) പുന:സംഘടിപ്പിക്കപ്പെട്ട ഓംബുഡ്സ്മാനിൽ ഇതിനകം എത്ര പരാതികൾ ലഭിച്ചു; അതിലെത്രയെണ്ണത്തിന് തീർപ്പു കൽപ്പിച്ചു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുകയോ കോടിക്കണക്കിന് രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയോ അല്ല ഓംബുഡ്സ്മാന്റെ ചുമതല. അഴിമതി, ദുർഭരണം, ധനനഷ്ടം തുടങ്ങിയവയ്ക്കെതിരെ നടപടി സ്വീകരിക്കലാണ് അതിന്റെ ചുമതല. ഈ ചുമതല ശരിയായി നിർവ്വഹിക്കുവാൻ ഏകാംഗ ഓംബുഡ്സ്മാന് കഴിയുമെന്ന് സർക്കാർ കരുതുന്നു.

(ഡി)പുന:സംഘടിപ്പിക്കപ്പെട്ട ഓംബുഡ്സ്മാന് 297 പരാതികൾ ലഭിക്കുകയും അതിൽ 15 എണ്ണത്തിൽ തീർപ്പു കൽപ്പിക്കുകയും ചെയ്തു. ഇതിനു പുറമെ, പഴയ 510 കേസുകൾ കൂടി പുതിയ ഓംബുഡ്സ്മാൻ തീർപ്പാക്കിയിട്ടുണ്ട്.

## ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുവാൻ നടപടി

158. ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീ. സി.പി, മുഹമ്മദ്:
ശ്രീമതി. മേഴ്സി രവി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീമതി. രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സർവ്വകലാശാല എന്നത്തേയ്ക്ക് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ആയുർവേദ സർവ്വകലാശാല എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) ഉദ്ദേശമുണ്ട്.

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് 31..12..2001ൽ അയച്ചു കൊടുത്തിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റേയും സംയുക്ത ആഭിമുഖ്യത്തിലാണ് ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരവും ധനസഹായവും കിട്ടുന്ന മുറയ്ക്കു മാത്രമേ സർവ്വകലാശാല ആരംഭിക്കുവാൻ കഴിയുകയുള്ളു.

(സി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സർക്കാർ ആശുപത്രികളിലെ പണിമുടക്കുകളും സമര പരിപാടികളും നിരുത്സാഹപ്പെടുത്തുന്നതിന് നടപടി

159. ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. മത്തായി ചോക്കോ:
ശ്രീ. പി.സി. ജോർജ്:
ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ കൃത്യവിലോപവും അഴിമതിയും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ ആശുപത്രികളിലെ സേവനത്തേക്കാൾ ഡോക്ടർമാരിൽ പലരും സ്വകാര്യ പ്രാക്ടീസിനാണ് മുൻഗണന നൽകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അഴിമതിയുടെ പേരിൽ ഡോക്ടർമാരെ അറസ്റ്റ് ചെയ്താൽ ഡോക്ടർമാരുടെ സംഘടനകൾ മിന്നൽപണിമുടക്ക് നടത്തി രോഗികളേയും പൊതുജനങ്ങളേയും ബുദ്ധിമുട്ടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരമുള്ള പണിമുടക്കുകളും ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന സമര പരിപാടികളും നിരുൽസാഹപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) കൈക്കൂലി വാങ്ങിയ കേസുകളിൽ വിജിലൻസ് അറസ്റ്റ് ചെയ്യുന്ന ഡോക്ടർമാരെ സംരക്ഷിക്കാൻ പുറപ്പെടുന്ന സംഘടനകളുടെ പ്രവർത്തനം ശരിയാണെന്ന് കരുതുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) ഒറ്റപ്പെട്ട ഏതാനും സംഭവങ്ങൾ ഉണ്ടായി എന്നുവെച്ച് സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരിൽ കൃത്യവിലോപവും, അഴിമതിയും വർദ്ധിച്ചു വരുന്നു എന്ന് ആക്ഷേപിക്കുന്നത് ശരിയല്ല.

(ബി) ഡോക്ടർമാർ ഉൾപ്പെടെ എല്ലാവിഭാഗം ആശുപത്രി ജീവനക്കാരുടേയും മെച്ചപ്പെട്ടതും അഴിമതി രഹിതവുമായ സേവനം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുന്നതിന് സർക്കാർ ശ്രമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻമാരും വകുപ്പു മന്ത്രിയും ആശുപത്രികൾ സന്ദർശനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങൾ മെച്ചമായി പ്രവർത്തിക്കുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. സ്വകാര്യ പ്രാക്ടീസ് സർക്കാർ നിരോധിച്ചിട്ടില്ല. എങ്കിലും സമയനിഷ്ഠയോടെയും ഉത്തരവാദിത്തത്തോടെയും ആശുപത്രികളിൽ ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ ശ്രമിച്ചുവരുന്നു.

(ഡി)യും (ഇ)യും ഇത്തരം മിന്നൽ പണിമുടക്കുകൾ ഒഴിവാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു.

(എഫ്) കൈക്കൂലിക്കാരെ സംരക്ഷിക്കാൻ ആരും ശ്രമിക്കുന്നതു ശരിയല്ല.

## ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ടോറൻസ് സംവിധാനം ഏർപ്പെടുത്താൻ നടപടി

160. ശ്രീ. കെ.കെ. ഷാജു:

ശ്രീ. ജോണി നെല്ലൂർ:

ശ്രീ. ഷിബു ബേബിജോൺ:

ശ്രീ. എ.എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ടോറൻസ് സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി):-**

(എ) യും (ബി) യും 28.3.95 ലെ ജി.ഒ. (പി) 76/95/റ്റി നംപർ ഉത്തരവ് പ്രകാരം 30.3.95 മുതൽ, സംസ്ഥാനത്ത് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ടോറൻസ് സംവിധാനം എറണാകുളം ജില്ലയിലെ അംഗമാലി സബ് രജിസ്ട്രാർ ഓഫീസിലും കോട്ടയം ജില്ലയിലെ കോട്ടയം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലും നടപ്പാക്കുകയുണ്ടായി. പത്താം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ 11-ാമത് റിപ്പോർട്ടിലെ ഇനം 17-ൽ കേരളത്തിൽ രണ്ടു സബ്ജിസ്ട്രാർ ഓഫീസുകളിൽ മാത്രം പരീക്ഷണാർത്ഥം ഏർപ്പെടുത്തിയ ടോറൻസ് സംവിധാനം ആ പ്രദേശത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ പുന:പരിശോധിക്കണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും ഈ വിഷയത്തിൽ രജിസ്ട്രേഷൻ വകുപ്പു മുഖേന നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി കണ്ടതിനാൽ 28..8..97ലെ ജി.ഒ.(എം.എസ്) 636/97/ആർഡി.നംപർ ഉത്തരവ് മുഖേന ടി സംപ്രദായം നിർത്തൽ ചെയ്തു. പ്രസ്തുത സർക്കാർ ഉത്തരവ് ബഹു:കേരള ഹൈക്കോടിതിയുടെ 5.9.97ലെ സി.എം.പി. 28194/97(ഒ.പി 15694/97) നംപർ ഉത്തരവു പ്രകാരം സ്റ്റേ ചെയ്യുകയുണ്ടായി. അതിൻമേൽ അന്തിമ തീരുമാനം ആയിട്ടില്ലാത്തിനാൽ അങ്കമാലി, കോട്ടയം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ആഫീസുകളിൽ ടോറൻസ് സംപ്രദായം തുടർന്നു വരുന്നു.

## പാരമ്പര്യ വൈദ്യൻമാർക്ക് ഗവണ്മെന്റ് അംഗീകാരവും രജിസ്ട്രേഷനും നൽകുന്നതിന് നടപടി

161. ശ്രീ. പി.ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ വൈദ്യൻമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാരമ്പര്യ വൈദ്യൻമാർക്ക് ഗവൺമെന്റ് അംഗീകാരവും രജിസ്ട്രേഷനും നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കേന്ദ്ര നിയമമനുസരിച്ച് പാരംപര്യ വൈദ്യൻമാർക്ക് ഇപ്പോൾ രജിസ്ട്രേഷൻ നൽകാൻ വ്യവസ്ഥയില്ല. എന്നാൽ പാരംപര്യ വൈദ്യൻമാർക്കുകൂടി രജിസ്ട്രേഷൻ നൽകാൻ വ്യവസ്ഥ ചെയ്യുന്ന കേരള മെഡിക്കൽ പ്രാക്ടീഷനേഴ്സ് ബിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. ബില്ലിന് അംഗീകാരം ലഭിച്ചിട്ടില്ല.

(സി) പാരംപര്യ വൈദ്യൻമാർക്ക് രജിസ്ട്രേഷൻ നൽകണം എന്നു കോടതി ഉത്തരവുകളൊന്നും ഇല്ല.

**<u>കുരിയാർകുറ്റി-കാരപ്പാറ ജലപദ്ധതി നിർമ്മാണത്തിൽ നടന്ന ക്രമക്കേടുകൾ</u>**

162. ശ്രീ. കെ. രാധാകൃഷ്ണൻ:

ഡോക്ടർ തോമസ് ഐസക്:

ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരിയാർകുറ്റി-കാരപ്പാറ ജലപദ്ധതി നിർമ്മാണത്തിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസിൽ പ്രതികൾ ആരൊക്കെയായിരുന്നു;

(സി) പ്രസ്തുത സംഭവം സംബന്ധിച്ച് പുനരന്വേഷണത്തിന് ഗവൺമെന്റ് തീരുമാനിക്കയുണ്ടായോ; എങ്കിൽ കാരണമെന്തായിരുന്നു;

(ഡി) പുനരന്വേഷണത്തിന് വിജിലൻസ് കോടതി അനുമതി നൽകുകയുണ്ടായോ;

(ഇ) ക്രമക്കേടുകളുടെ ഫലമായി എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(എഫ്) പ്രസ്തുത കേസ് കാര്യക്ഷമമായി നടത്താൻ സർക്കാർ തയ്യാറാകുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ)പ്രസ്തുത ജലപദ്ധതി നിർമ്മാണത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. രണ്ടു ഘട്ടങ്ങളിലായി അന്വേഷിച്ച പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയായി. ഒന്നാം ഘട്ടത്തിന്റെ ചാർജ്ജ് ഷീറ്റ് കോടതിയിൽ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ അന്വേഷണ വേളയിൽ ആരോപണ വിധേയമായ നിർമ്മാണ പ്രവർത്തനങ്ങളുടെ അളവെടുത്ത് പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചായിരുന്നല്ലായെന്ന പരാതിയെതുടർന്ന് ഹൈക്കോടതിയുടെ അനുമതിയോടുകൂടി ഈ കേസിൽ കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

(ബി) വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടുവെങ്കിലും കോടതിയിൽ നിന്നും കേസിൽ ഉൾപ്പെട്ടയാളുകൾക്ക് കുറ്റപത്രം നൽകിയിട്ടില്ലാത്തിനാൽ കേസിൽ ഉൾപ്പെട്ടയാളുകളുടെ പേരുവിവരം ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) പുനരന്വേഷണത്തിന് തീരുമാനിച്ചിട്ടില്ല. മറിച്ച് കോടതിയുടെ അനുമതിയോടുകൂടി കൂടുതൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആരോപണ വിധേയമായ പരാതികളുടെ അളവെടുത്ത് പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചയിരുന്നല്ലായെന്ന പരാതി പരിഗണിച്ചശേഷമാണ് കൂടുതൽ അന്വേഷണത്തിന് തീരുമാനിച്ചത്.

(ഡി) കൂടുതൽ അന്വേഷണത്തിന് വിജിലൻസ് കോടതി അനുമതി നൽകിയിട്ടില്ല. എന്നാൽ ഹൈക്കോടതി കേസ് തുടർന്ന് അന്വേഷിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കൂടുതൽ അന്വേഷണം പൂർത്തിയായാൽ മാത്രമേ നഷ്ടം കണക്കാക്കാൻ സാധിക്കുകയുള്ളു.

(എഫ്) കേസ് കാര്യക്ഷമമായി തന്നെയാണ് നടത്തുന്നത്.

**<u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ നടപടി</u>**

T 163. ശ്രീ കെ.കെ. ജയചന്ദ്രൻ:

ശ്രീമതി. ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ സർക്കാർ ഇനി മുതൽ മുടക്കേണ്ടതില്ലെന്നും ബാങ്ക് വായ്പ എടുക്കാൻ സർക്കാർ ഗ്യാരണ്ടി നിൽക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ടോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്നതടക്കമുള്ള സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഇ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ വ്യക്തമാക്കുമോ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) യാതൊരുവിധ പഠനവും നടത്താതെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നീക്കം സംസ്ഥാനത്തിന്റെ താൽപര്യത്തിനെതിരാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആൻറണി (മുഖ്യമന്ത്രി):-**

(എ) ഇപ്പോൾ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പൊതുമേഖലയെപ്പറ്റി പഠിച്ച് റിപ്പോർട്ടുകൾ നൽകുവാൻ എന്റർപ്രൈസസ് റിഫോംസ് കമ്മിററി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി)യും (ഡി)യും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സംയുക്ത സംരംഭമായോ, സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെയോ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി എന്റർപ്രൈസ് റിഫോംസ് കമ്മിറ്റിയുടെ പഠനം നടന്നു വരുന്നു.

(ഇ) വിദഗ്ധ മാനേജ്മെന്റ്, നൂതന വിപണന തന്ത്രങ്ങൾ, സാംപത്തിക അച്ചടക്കം, ഉൽപ്പാദന ചെലവു കുറയ്ക്കൽ എന്നിവയിലൂടെ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും, പുന:സംഘടനക്കുമായി രൂപീകരിച്ച എൻറർ പ്രൈസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച സമീപന രേഖയുടെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടന്നുവരുന്നു.

(എഫ്) പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയാണ് പുന:സംഘടനയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെ കാര്യത്തിലും വിശദമായ പഠനം നടത്താതെ ഒരു തീരുമാനവും എടുക്കില്ല.

**<u>സ്വകാര്യ നേഴ്സിംഗ് സ്കൂൾ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ</u>**

164. ശ്രീ. സ്റ്റീഫൻ ജോർജ്:
തോമസ് ഉണ്ണിയാടൻ:
ജോസഫ് എം. പുതുശ്ശേരി:
മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നേഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള സ്വകാര്യ നേഴ്സിംഗ് സ്കൂൾ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ കെ.എൻ.സി. പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ല എങ്കിൽ ഏറെ ഉന്നതബിരുദധാരികൾ ജോലിചെയ്യുന്ന മേഖലയെന്ന നിലയിൽ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽ ഇൻഡ്യൻ നേഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള സ്വകാര്യ സ്കൂളുകൾ ഏതെല്ലാം;

(ഡി) കെ.എൻ.സി. യുടെ അംഗീകാരത്തിന് വേണ്ടിയുള്ള മാനദണ്ഡങ്ങളുടെ പരിശോധന ഇപ്പോൾ കർശനമായി പാലിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ കർശനമാക്കുവാൻ നിർദ്ദേശം നൽകുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളാണ് കേരള നഴ്സിംഗ് കൗൺസിൽ സ്വീകരിച്ചുവരുന്നത്. സ്വകാര്യ നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെയോ നഴ്സിംഗ് കൗൺസിലിന്റെയോ ധനസഹായത്തോടെയല്ല.

(സി) ലിസ്റ്റ് ഇതോടൊപ്പം സമർപ്പിക്കുന്നു.

(ഡി) ഉണ്ട്

(ഇ) ബാധകമല്ല

**<u>സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി</u>**

165. ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഡോക്ടർമാരും നേഴ്സുമാരും അവരുടെ കർമ്മശേഷി ഭാഗികമായി മാത്രം ഉപയോഗപ്പെടുത്തുന്നതുമൂലം രോഗികൾ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ടി വരുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് നടത്തിയ പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ(ആരോഗ്യവകുപ്പുമന്ത്രി)-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) എം.പി., എം.എൽ.എ., സ്വകാര്യ വ്യക്തികൾ എന്നിവരുടെ സംഭാവന കൊണ്ട് നിർമ്മിച്ച 104 ആശുപത്രി വാർഡുകൾ ജീവനക്കാരുടെ അപര്യാപ്തതമൂലം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഈ സ്ഥിതിവിശേഷം പരിഹരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) ബാധകമല്ല..

**<u>ആശുപത്രികളിലെ ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ</u>**

166. ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനം തൃപ്തികരമാംവണ്ണം പ്രവർത്തിക്കുന്നുണ്ടോ;

(സി) ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ലോകബാങ്കിന്റെയോ മറ്റു വിദേശസഹായ ഏജൻസികളുടേയോ ധനസഹായത്തോടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തെ മെഡിക്കൽകോളേജ് ഉൾപ്പെടെയുള്ള 200ഓളം ആശുപത്രികളിൽ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് ഇനസിനറേറ്റർ വഴിയാണ്. അത്തരം സൗകര്യങ്ങൾ ഇല്ലാത്ത ആശുപത്രികളിൽ ഖരമാലിന്യങ്ങൾ കത്തിച്ചുകളയുകയോ ഭൂമിയിൽ കുഴിച്ചിടുകയോ ചെയ്യുന്നു.

(ബി) എല്ലാ ആശുപത്രികളിലും തൃപ്തികരമാംവണ്ണം പ്രവർത്തിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ ജില്ലാ, താലൂക്ക് കമ്മ്യൂണിറ്റി ഹെൽത്തു സെന്ററുകൾ എന്നിവയുടെ വികസനത്തിനായി 810 കോടിയുടെ ഹെൽത്ത് സിസ്റ്റം പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ മാലിന്യസംസ്കരണത്തിന് 43.63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലോകബാങ്കിന്റെ സഹായത്തിനായി ഈ പദ്ധതി സമർപ്പിക്കുന്നതാണ്.

## റിഫോംസ് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

167. ശ്രീ. കെ.പി. രാജേന്ദ്രൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ പരിഷ്ക്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിഫോംസ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യമന്ത്രി):-**

(എ)& (ബി) : ഉണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ശ്രീ. ആർ.സി. ചൗധരി ചെയർമാനായിട്ടുള്ള എന്റർപ്രൈസ് റിഫോംസ് കമ്മറ്റി പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടന സംബന്ധിച്ച് ഒരു പൊതു സമീപനരേഖ സമർപ്പിക്കുകയും, സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടന്നുവരുന്നു.

(സി) സമീപനരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ

168. ശ്രീ. എ.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്;

(ബി) അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ എണ്ണം കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റവന്യൂ ചെലവിന്റെ എത്ര ശതമാനമാണ് ഈ ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി ചെലവിടുന്നത്;

(ഡി) അഖിലേന്ത്യാ സർവ്വീസുകാരുടെ എണ്ണം കുറച്ച് ഗവൺമെന്റിന്റെ റവന്യൂ ചെലവ് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയം എന്താണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) സംസ്ഥാന സർവ്വീസിൽ ആകെ 284 ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ആഫീസർമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) റവന്യൂ ചെലവിന്റെ 0.06 ശതമാനമാണ് ഇവരുടെ ശമ്പളത്തിനായി മാത്രം വകയിരുത്തിയിട്ടുള്ളത്

(ഡി) ഉണ്ട്.

(ഇ) അടുത്ത രണ്ടു വർഷത്തേക്ക് അഖിലേന്ത്യാ സർവ്വീസിലുള്ള ഓഫീസർമാരെ സംസ്ഥാനത്തേക്ക് നിയോഗിക്കേണ്ടതില്ല എന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2002-2003-ലെ വാർഷിക പദ്ധതി രൂപീകരണം**

169. ശ്രീ. എം.വി.ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2002-2003-ലെ വാർഷിക പദ്ധതി രൂപീകരണത്തിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും ഉണ്ടാകുന്ന കാലതാമസം പദ്ധതി നടത്തിപ്പിലും പ്രതിഫലിക്കും എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) 06.06.2002-ലെ ജി.ഒ. (എം.എസ്) 20/2002/പ്ളാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വർഷം മുതൽ 5 വർഷത്തേക്കുള്ള പദ്ധതി രേഖയാണ് തയ്യാറാക്കുന്നത്. അതുകൊണ്ട് വാർഷികപദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും മേലിൽ കാലതാമസം ഉണ്ടാകുവാൻ ഇടയില്ല. കഴിഞ്ഞ രണ്ടു വാർഷിക പദ്ധതികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരുന്ന പദ്ധതി വിഹിതത്തിന്റെ മൂന്നു ഗഡുക്കൾ മാത്രമേ നൽകിയിട്ടുള്ളു. 2001-2002-ലെ പദ്ധതിവിഹിതത്തിന്റെ മൂന്നാമത്തെ ഗഡു നൽകിയത് സാമ്പത്തിക വർഷത്തിന്റെ അവസാനമാണ്. ഈ കാരണങ്ങളാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രേഖയിൽ വിഭാവനം ചെയ്തിരുന്ന പ്രോജക്ടുകളിൽ വളരെയേറെയെണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പദ്ധതി വിഹിതമായി ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുകയും 2002-2003 വാർഷിക പദ്ധതിയിൽ ലഭിക്കാവുന്ന വിഹിതത്തിന്റെ ഗണ്യമായ തുകയും വിനിയോഗിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാൻ 14.05.2002-ലെ ജി.ഒ.(എം.എസ്) 15/2002/പ്ളാനിംഗ് നമ്പർ സർക്കാർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനാൽ പത്താം പഞ്ചവത്സരപദ്ധതിയിലെ പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം ആരംഭിക്കുന്നതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻ വാർഷിക പദ്ധതി പൂർത്തിയാക്കാവുന്നതാണ്.

**നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ തിരിച്ചുവരാനുള്ള കാരണം സംബന്ധിച്ച പഠനം**

170. ശ്രീ. വി.കെ.സി. മമ്മതുകോയ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്ത പല പകർച്ച വ്യാധികളും തിരിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇവ തിരിച്ചുവരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) മലേറിയ ഉൾപ്പെടെയുള്ള രോഗങ്ങൾ തിരിച്ചുവരുന്നത് ആരോഗ്യരംഗത്ത് ഭീഷണി ഉയർത്തിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മലേറിയ നിവാരണത്തിനുള്ള മരുന്നുകൾ സംസ്ഥാനത്തെ ആശുപത്രികളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**(ഉത്തരം ലഭിച്ചിട്ടില്ല)**

**അത്യാഹിത വിഭാഗങ്ങളിൽ ഉയർന്ന പദവിയിലുള്ള ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കാൻ നടപടി**

171. ശ്രീ. ഇ.എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗങ്ങളിൽ ഏതെല്ലാം വിഭാഗങ്ങളിൽനിന്ന് ഏതെല്ലാം പദവിയിലുള്ള ഡോക്ടർമാരെ ആണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത പദവിയിലുള്ള ഡോക്ടർമാർ അത്യാഹിത വിഭാഗങ്ങളിൽ ഡ്യൂട്ടിക്ക് വരാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഉന്നതപദവിയിലുള്ളവർ കൃത്യമായി അത്യാഹിത വിഭാഗങ്ങളിൽ രാത്രികാലങ്ങളിലും ഡ്യൂട്ടിക്ക് കൃത്യമായി എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദീകരിക്കുമോ;

(ഡി) മറ്റ് ആശുപത്രികളിൽനിന്നും ഉന്നത ഡോക്ടർമാർ ശുപാർശ ചെയ്തു വിടുന്ന രോഗികളെ മെഡിക്കൽ വിദ്യാർത്ഥികൾ മാത്രം പരിശോധിക്കുന്ന രീതി അത്യാഹിത വിഭാഗത്തിൽ നിലനിൽക്കുന്നതു കാരണം വളരെയധികം പരാതികൾ ഉണ്ടാകാനിടയാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) (ബി) &(സി) മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള അത്യാഹിത വിഭാഗങ്ങളിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഓബ്സ്ട്രക്റ്റിക് ആന്റ് ഗൈനക്കോളജി പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ ലക്ചറർ, ലക്ചറർ എന്നീ പദവിയിലുള്ള ഡോക്ടർമാരെയാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. ഉന്നതപദവിയിലുള്ള ഡോക്ടർമാരെ അത്യാഹിതവിഭാഗങ്ങളിൽ സ്ഥിരം ഡ്യൂട്ടിക്ക് നിയോഗിക്കാറില്ല. എന്നാൽ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർ ആവശ്യപ്പെടുന്നപക്ഷം ഉന്നതപദവിയിലുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(ഡി) ഡോക്ടർമാരായ പി.ജി. വിദ്യാർത്ഥികളെ അത്യാഹിത വിഭാഗത്തിലെ ഡോക്ടർമാരെ സഹായിക്കാൻ നിയോഗിക്കാറുണ്ട്.

(ഇ) ബാധകമല്ല.

**ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന് സംവരണം**

172. ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന്റെ സെൻസസ് കണക്കുകൾ ലഭ്യമാണോ;

(ബി) എങ്കിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ സംസ്ഥാനത്ത് എത്രപേരുണ്ടെന്ന് പറയുമോ;

(സി) ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർവ്വീസിൽ സംവരണം ലഭിക്കുവാൻ അർഹതയുണ്ടോ;

(ഡി) എങ്കിൽ അവർക്ക് എത്ര ശതമാനം സംവരണം നൽകുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) സംവരണം ഇല്ലാത്തപക്ഷം അതിനുള്ള കാരണമെന്തെന്നു വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി):-**

(എ) ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന്റെ മാത്രമായുള്ള കണക്കുകൾ സെൻസസ് എടുത്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ലത്തീൻ കാത്തോലിക്കർ, ആംഗ്ലോ ഇൻഡ്യൻ എന്നീ രണ്ടുവിഭാഗങ്ങൾക്കു കൂടി സംവരണ വേക്കൻസിയുടെ 10 നൽകുന്നുണ്ട്. അതായത്, 40 സംവരണ വേക്കൻസി ഉണ്ടെങ്കിൽ, 4 പേരെ ലത്തീൻ കത്തോലിക്കർ ആംഗ്ലോ ഇൻഡ്യൻ വിഭാഗങ്ങളിൽ നിന്നും നിയമനം നൽകുന്നു.

(ഇ) ബാധകമല്ല.

## <u>എലിപ്പനിക്കുള്ള പ്രതിരോധ നടപടികൾ</u>

173. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലിപ്പനി പ്രതിരോധിക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എലിപ്പനി ബാധിച്ച് എത്രപേർ ഇതിനകം മരിച്ചു എന്നു വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പ്രതിരോധ ചികിൽസക്കായി താലൂക്ക് തോറും എന്ത് പ്രതിരോധ നടപടികൾ സ്വീകരിച്ചു;

(ഡി) താലൂക്കുതോറും എലിപ്പനിയുടെ രോഗനിർണ്ണയത്തിനായി ബാക്ടീരിയോളജിക്കൽ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ അവ വിതരണം ചെയ്യാൻ പ്രതിബന്ധമായി നിൽക്കുന്ന ഘടകം എന്ത് എന്ന് വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) എലിപ്പനി പ്രതിരോധിക്കാനുള്ള നടപടികൾ താഴെപ്പറയുന്നവയാണ്

ബോധവൽക്കരണ എലിനശീകരണം, കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ക്ളോറിനേഷൻ നടത്തുക, മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമാക്കുക എലിപ്പനിയുടെ പ്രതിരോധനടപടികൾ ആരോഗ്യവകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് സംയുക്തമായി എടുക്കേണ്ടതാണ്. കെട്ടിക്കിടക്കുന്ന വെള്ളം, കനാൽ എന്നിവ വൃത്തിയാക്കുമ്പോൾ ഡോക്സിസൈക്ളിൻ എന്ന മരുന്ന് കഴിച്ചുകൊണ്ടു മാത്രമേ ജോലിക്ക് ഇറങ്ങാൻ പാടുള്ളു.

(ബി) :

| വർഷം | മരണം |
|---|---|
| 2000 | 87 |
| 2001 | 119 |
| 2002 മേയ് വരെ | 26 |

(സി) താലൂക്കടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് എന്നിവ ചേർന്ന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗബാധ കൂടുതലായി കാണുന്ന മഴക്കാലത്തിനു മുൻപു തന്നെ ആവശ്യമായ പ്രതിരോധ നടപടികൾ എടുക്കുവാനും ബോധവൽക്കരണം നടത്തുവാനും നടപടികൾ എടുത്തിട്ടുണ്ട്.

(ഡി)&(ഇ) രോഗബാധ ഉണ്ടാകുന്ന താലൂക്കുകളിൽ ദ്രുതനിർണ്ണയ കിറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.